**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **01-09-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ നൽകുന്ന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്.<br><br>കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.<br><br>എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജീവനക്കാരുടെ ജോലിഭാരത്തിന് അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഓരോ ജില്ലയിലെയും സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിജിലൻസ് സംവിധാനങ്ങൾ ഉൾപ്പെടെ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത്, സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അന്വേഷണങ്ങളിലും മിന്നൽ പരിശോധനകളിലും കണ്ടെത്തുന്ന ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണ വിധേയനായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമാർജ്ജനത്തിനും ആവശ്യമായ ശിപാർശകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ അഴിമതി തടയുന്നതിനു വേണ്ടി മിക്ക വകുപ്പുകളിലും ആഭ്യന്തര |

| | | | |
|---|---|---|---|
| | | | വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയത് ശക്തിപ്പെടുത്തു ന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേ ശങ്ങൾ കാലാകാലങ്ങളിൽ നൽകി പ്രസ്തുത വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാർക്ക് V&ACB യിൽ നിന്നും ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.<br><br>അഴിമതിയെക്കതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അഴിമതിയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റിഷൻ (www.publicvigil.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനി കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവീടങ്ങളിൽ പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകളും ആകസ്മിക പരിശോധനകളും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി നടത്തി, പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതതു വകുപ്പധ്യക്ഷൻമാർക്ക് നൽകി വരുന്നുണ്ട്. |
| (സി) | പരമാവധി സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്തി സിവിൽ സർവ്വീസ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെയും മറ്റും പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>വിവിധ വകുപ്പുകൾ നൽകുന്ന സേവനം " ഇ-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "എം- സേവനം" എന്ന |

| | | | |
|---|---|---|---|
| | | | മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ